**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 76** **29-08-2022 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി വനിതകൾക്കുള്ള സ്വയംതൊഴിൽ വായ്പാ ഫണ്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ കെ എം അഷ്‌റഫ്,<br>ശ്രീ . പി . ഉബൈദുള്ള ,<br>ശ്രീ. യു.എ.ലത്തീഫ്,<br>ശ്രീ. കുറുക്കോളി മൊയ്തീൻ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പട്ടികജാതി വിഭാഗത്തിൽപ്പെട്ട വനിതകൾക്കുള്ള സ്വയംതൊഴിൽ വായ്പാഫണ്ട് വ്യാജ ജാതി സർട്ടിഫിക്കറ്റുണ്ടാക്കി തട്ടിപ്പ് നടത്തിയതായ സംഭവങ്ങൾ അടുത്തകാലത്ത് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കി വരുന്ന സ്വയംതൊഴിൽ പദ്ധതിയിൽ വ്യാജ ജാതി സർട്ടിഫിക്കറ്റുണ്ടാക്കി തട്ടിപ്പ് നടത്തിയതായ സംഭവങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. എന്നാൽ തിരുവന്തപുരം നഗരസഭയുടെ ജനകീയാസൂത്രണ പദ്ധതി പ്രകാരം വ്യവസായ വികസന ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായ, "പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാർക്ക് സ്വയം തൊഴിൽ വായ്പ പദ്ധതിയിൽ" വ്യാജ ജാതി സർട്ടിഫിക്കറ്റുണ്ടാക്കി തട്ടിപ്പ് നടത്തിയതായ സംഭവം ഉണ്ടായിട്ടുണ്ട്.<br><br>വനിതാ സംരംഭകർക്ക് ഗ്രൂപ്പ് അടിസ്ഥാനത്തിൽ സ്വയം തൊഴിൽ ചെയ്യുന്നതിനായി ധനസഹായം ലഭിക്കുന്നതിനായി വാർഡ് സഭകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട വനിതാ ഗ്രൂപ്പുകൾ അപേക്ഷയും അനുബന്ധ രേഖകളും തിരുവനന്തപുരം നഗരസഭാ ജനകീയാസൂത്രണ വിഭാഗത്തിൽ ഹാജരാക്കുകയും, ആയതിന്റെ അടിസ്ഥാനത്തിൽ സബ്സിഡി തുക ബന്ധപ്പെട്ട പദ്ധതി നിർവ്വഹണ ഉദ്യോഗസ്ഥനായ വ്യവസായ വികസന ഓഫീസർ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നൽകിയിട്ടുള്ളതുമാണ്. എന്നാൽ പ്രസ്തുത പദ്ധതി പ്രകാരം സമർപ്പിച്ച അപേക്ഷകളിൽ ഉൾക്കൊള്ളിച്ചിരുന്ന ജാതി സർട്ടിഫിക്കറ്റ് വ്യാജമാണെന്ന് പിന്നീട് പരിശോധനയിൽ കണ്ടെത്തുകയുണ്ടായി. നിലവിൽ ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടുണ്ടോ എന്ന് മാത്രമാണ് പരിശോധിച്ചിരുന്നത്, ഡിജിറ്റലായി ജാതി സർട്ടിഫിക്കറ്റുകളുടെ സാധുതാ പരിശോധന നടത്തുന്നതിനുള്ള സൗകര്യങ്ങൾ |

| | | | |
|---|---|---|---|
| | | | ഇല്ലാത്തതിനാലാണ് ഇപ്രകാരം വീഴ്ച സംഭവിച്ചതെന്ന് കണ്ടെത്തിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത ഫണ്ട് തട്ടിപ്പിൽ കുറ്റക്കാരായവരുടെ പേരിൽ എന്തെല്ലാം നടപടികൾ ഇതിനകം സ്വീകരിച്ചിട്ടുണ്ട്; വിശദാംശം നൽകുമോ; | (ബി) | പ്രസ്തുത ഫണ്ട് തട്ടിപ്പുമായി ബന്ധപ്പെട്ട് മ്യൂസിയം പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്ത് നടപടികൾ സ്വീകരിച്ച് വരുന്നു. ഇതിന്റെ ഭാഗമായി രണ്ട് പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. |
| (സി) | ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | തിരുവനന്തപുരം നഗരസഭയിൽ പ്രസ്തുത പദ്ധതി നിർവ്വഹണം നടത്തുന്നത് വ്യവസായ വകുപ്പിലെ ഉദ്യോഗസ്ഥനാണ്. ആഴ്ചയിൽ രണ്ടോ മൂന്നോ ദിവസം മാത്രമാണ് ടി ഉദ്യോഗസ്ഥൻ നഗരസഭയിൽ ജോലിക്ക് ഹാജരാകേണ്ടതായിട്ടുള്ളു, ബാക്കി ദിവസങ്ങളിൽ വകുപ്പിന്റെ ഓഫീസിലാണ് ജോലി ചെയ്യേണ്ടത്. ഇത് മാറ്റി എല്ലാ ദിവസവും നഗരസഭയിൽ ഹാജരായി അപേക്ഷകളുടെ സ്ഥല പരിശോധന കൂടി നടത്തുവാനും, ഭാവിയിൽ ഇപ്രകാരമുള്ള ക്രമക്കേടുകൾ ആവർത്തിക്കാതിരിക്കാൻ ആവശ്യമായ നടപടികൾ അടിയന്തരമായി സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദ്ദേശം നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ